# ലൈഫ് പദ്ധതിയിൽ ആദ്യ പരിഗണന അതിദരിദ്രർക്ക്: മന്ത്രി എം.ബി. രാജേഷ്

ലൈഫ് ഭവന പദ്ധതിയിൽ അതിദരിദ്രർക്ക് മുൻഗണന നൽകുമെന്നും അതിനാവശ്യമായ ക്രമീകരണം നടത്തുമെന്നും തദ്ദേശ സ്വയംഭരണ വകുപ്പ് മന്ത്രി എം.ബി. രാജേഷ്. 2024-25 വാർഷിക പദ്ധതിയുടെ ഭാഗമായി കണ്ണൂർ ജില്ലാ പഞ്ചായത്ത് വികസന സെമിനാർ ഉദ്ഘാടനം ചെയ്യുകയായിരുന്നു അദ്ദേഹം. പദ്ധതി രൂപീകരണത്തിൽ തദ്ദേശ സ്ഥാപനങ്ങൾ അതിദരിദ്രർക്ക് പ്രാധാന്യം നൽകണം. 66006 അതിദരിദ്ര കുടുംബങ്ങളെ നേരത്തെ കണ്ടെത്തിയിരുന്നു. ഈ വർഷം നവംബറിൽ അതിൽ 47.8 ശതമാനം പേരെ ദാരിദ്ര്യത്തിൽ നിന്നും മോചിപ്പിച്ചു. അവശേഷിക്കുന്നതിൽ ഭൂരിഭാഗവും വീടില്ലാത്തവരാണ്. സർക്കാർ പ്രത്യേക ഉത്തരവിലൂടെ അവരെ പട്ടികയിൽ ഉൾപ്പെടുത്തി. കൂടുതൽ അതിദരിദ്രർക്കുള്ള പ്ലാൻ ഫണ്ടും തനത് ഫണ്ടും കുറവുള്ള തദ്ദേശ സ്ഥാപനങ്ങൾക്ക് ഭവന നിർമാണത്തിന് സർക്കാർ ഗ്യാപ്പ് ഫണ്ട് നൽകും. രണ്ട് വർഷം കൊണ്ട് കേരളം അതിദരിദ്രരില്ലാത്ത ഇന്ത്യയിലെ ഏക സംസ്ഥാനമായി മാറുമെന്നും മന്ത്രി പറഞ്ഞു. മാലിന്യമുക്ത നവകേരളം




എന്ന ലക്ഷ്യം വേഗത്തിൽ കൈവരിക്കാനാകണമെന്നും തദ്ദേശ സ്ഥാപനങ്ങൾ ഇതുവരെ അതിൽ മാതൃകാപരമായ പ്രവർത്തനം നടത്തിയെന്നും മന്ത്രി പറഞ്ഞു. ജില്ലാ പഞ്ചായത്ത് ഓഡിറ്റോറിയത്തിൽ നടന്ന ചടങ്ങിൽ പ്രസിഡന്റ് പി.പി. ദിവ്യ അധ്യക്ഷത വഹിച്ചു. രജിസ്ട്രേഷൻ, പുരാവസ്തു മ്യൂസിയം വകുപ്പ് മന്ത്രി രാമചന്ദ്രൻ കടന്നപ്പള്ളി കരട് പദ്ധതി രേഖ പ്രകാശനം ചെയ്തു. വികസന പ്രവർത്തനം മെച്ചപ്പെട്ട രീതിയിൽ നടത്താൻ കൂട്ടായ്മയാണ് വേണ്ടതെന്ന് അദ്ദേഹം പറഞ്ഞു.

# സ്കൂളുകളുടെ അടിസ്ഥാനസൗകര്യ വികസനത്തിന് അയ്യായിരം കോടി: മന്ത്രി വി ശിവൻ കുട്ടി

സംസ്ഥാനത്തെ സ്കൂളുകളുടെ അടിസ്ഥാന സൗകര്യങ്ങൾ വികസിപ്പിക്കുന്നതിന് അയ്യായിരം കോടി രൂപയുടെ നിർമ്മാണ പ്രവർത്തനങ്ങളാണ് നടക്കുന്നതെന്ന് പൊതു വിദ്യാഭ്യാസ മന്ത്രി വി. ശിവൻകുട്ടി. ആലപ്പുഴ കലവൂർ ഗവ.ഹയർ സെക്കൻഡറി സ്കൂൾ കെട്ടിടം ഉദ്ഘാടനം ചെയ്തു സംസാരിക്കുകയായിരുന്നു മന്ത്രി. ഒന്നാം പിണറായി സർക്കാരിന്റെ കാലത്ത് ആരംഭിച്ച പൊതു വിദ്യാഭ്യാസ സംരക്ഷണ യജ്ഞത്തിന്റെ പ്രധാനലക്ഷ്യം ഗുണമേന്മയുള്ള വിദ്യാഭ്യാസം കുട്ടികളുടെ അവകാശം എന്നതായിരുന്നു.രണ്ടാം പിണറായി സർക്കാരിന്റെ കാലത്ത് അതിന്റെ തുടർച്ചയായി വിദ്യാകിരണം പദ്ധതി നടപ്പാക്കി. ഗുണമേന്മാ മാനദണ്ഡങ്ങളിൽ പ്രധാനമായ ഒരിനമായി കണ്ടത് ഭൗതിക സൗകര്യവികസനമാണ്.



ഇങ്ങനെ 973 വിദ്യാലയങ്ങൾക്കാണ് മാനദണ്ഡങ്ങളുടെ അടിസ്ഥാനത്തിൽ കിഫ്ബി ധനസഹായത്തോടെ കെട്ടിടങ്ങൾക്ക് അനുമതി നൽകിയത്. 2595 കോടി രൂപ ഇതിനായി നീക്കിവെച്ചു. കിഫ്ബി ധനസഹായത്തോടെ നിയോജക മണ്ഡലത്തിൽ ഒന്ന് എന്ന കണക്കിൽ സ്കൂളുകളെ മികവിന്റെ കേന്ദ്രങ്ങളായി വികസിപ്പിക്കാൻ അഞ്ചു കോടി ധനസഹായം അനുവദിച്ചു. മൂന്നുകോടി ധനസഹായത്തോടെ 386 സ്കൂളുകൾക്ക് കെട്ടിടം നിർമ്മിക്കുന്നതിന് അനുവാദം നൽകുകയുണ്ടായി.ആയിരത്തിലധികം കുട്ടികൾ പഠിക്കുന്ന സർക്കാർ വിദ്യാലയങ്ങളാണ് ഇവ. സ്കൂൾ ഓഡിറ്റോറിയത്തിൽ നടന്ന ചടങ്ങിൽ പി.പി. ചിത്തരഞ്ജൻ എം.എൽ.എ. അധ്യക്ഷത വഹിച്ചു. സംസ്ഥാന സർക്കാർ പ്ലാൻ ഫണ്ടിൽ നിന്നും അനുവദിച്ച മൂന്ന് കോടി രൂപ ഉപയോഗിച്ചാണ് കെട്ടിടത്തിന്റെ നിർമ്മാണം പൂർത്തീകരിച്ചത്. അന്താരാഷ്ട്ര നിലവാരത്തിലുള്ള പശ്ചാത്തല സൗകര്യങ്ങൾ ഒരുക്കാനുള്ള മാസ്റ്റർ പ്ലാൻ അനുസരിച്ചുള്ള നിർമ്മാണ പ്രവർത്തനങ്ങളാണ് നടത്തിയത്. രണ്ടു നിലകളിലായി നിർമിച്ചിരിക്കുന്ന പുതിയ കെട്ടിടത്തിന്റെ ആകെ വിസ്തീർണ്ണം 1129.18 ച.മീറ്ററാണ്.4 ഹയർ സെക്കണ്ടറി ക്ലാസ് മുറികളും 8 ഹൈസ്കൂൾ ക്ലാസ് മുറികളുമാണുള്ളത്. എ. എം. ആരിഫ് എം.പി, ജില്ലാ പഞ്ചായത്ത് പ്രസിഡന്റ് കെ.ജി. രാജേശ്വരി എന്നിവർ മുഖ്യാതിഥികളായി.

## എഡിറ്റോറിയൽ

### ഭവനരഹിതരില്ലാത്ത കേരളം ലക്ഷ്യം

ഭവനരഹിതരില്ലാത്ത കേരളമെന്ന ലക്ഷ്യ സാക്ഷാത്ക്കാരത്തിന് സംസ്ഥാന സർക്കാർ പ്രതിജ്ഞാബദ്ധമായാണ് മുന്നോട്ടുപോകുന്നത്. രാജ്യത്ത് ഇതുവരെ ഏറ്റവും കൂടുതൽ കുടുംബങ്ങൾക്ക് വീട് നൽകിയ സംസ്ഥാനം കേരളമാണെന്ന വസ്തുതയും ഇവിടെ പ്രസക്തമാണ്. ലൈഫ് ഭവന പദ്ധതിയുടെ ഭാഗമായി 2024 ജനുവരി 22 വരെ 3,71,934 വീട് നിർമ്മിച്ചു. ഇതിൽ 32,751 വീടുകൾക്ക് മാത്രമാണ് പി.എം.എ.വൈ. ഗ്രാമീണിന്റെ ഭാഗമായി 72,000 രൂപ വീതം സഹായം ലഭിച്ചത്. പി.എം.എ.വൈ. അർബന്റെ ഭാഗമായി 80,259 വീടുകൾക്ക് 1,50,000 രൂപ കേന്ദ്രം നൽകി. ഇതിൽ രണ്ടുപദ്ധതികളിലേയും ഗുണഭോക്താക്കൾക്ക് ബാക്കി സംഖ്യ കൂടി കൂട്ടി നാലുലക്ഷം രൂപ തികച്ചു നൽകുന്നത് സംസ്ഥാന സർക്കാരാണ്. എല്ലാം ചേർത്താലും 1,13,010 വീടുകൾക്ക് (30.38%) മാത്രമാണ് കേന്ദ്രസഹായം ലഭിച്ചത്. ബാക്കി 2,58,924 വീടും പൂർണ്ണമായും സംസ്ഥാന സർക്കാരിന്റെയും തദ്ദേശ സ്ഥാപനങ്ങളുടേയും ചെലവിലാണ് നിർമ്മിച്ചത്. എല്ലാവരും സുരക്ഷിതമായ പാർപ്പിടത്തിൽ ജീവിക്കണം എന്ന ലക്ഷ്യം പൂർത്തിയാക്കാൻ ലൈഫ് മിഷൻ വിശ്രമമില്ലാതെ പരിശ്രമിക്കുകയാണ്. വീട് യാഥാർത്ഥ്യമാക്കാനുള്ള വിഭവങ്ങളിൽ അടിസ്ഥാന ഘടകമായ ഭൂമിക്കായി സുമനസ്സുകളുടെ സഹായം തേടുകയാണ്. ഇതിനായി 'മനസ്സോടിത്തിരി മണ്ണ്' കാമ്പയിനിലൂടെ ഇതുവരെ ലഭിച്ച ഭൂമി അർഹർക്ക് വിതരണം ചെയ്തു തുടങ്ങി. പൊതുജന പങ്കാളിത്തം ഈ പദ്ധതിയുടെ വിജയത്തിന് അനിവാര്യമാണ്. ഭൂമി സൗജന്യമായി നൽകാൻ ശേഷിയുള്ളവർ അതിനായി മുന്നോട്ടുവന്നാൽ സഹജീവികളെ ഒപ്പം ചേർത്തു നിർത്താനുള്ള ഈ സദ്പ്രവൃത്തിയിൽ പങ്കാളികളാകാം. ഏവരുടേയും സഹകരണം പ്രതീക്ഷിക്കുന്നു.

**ഡോ. ടി.എൻ. സീമ**
കോർഡിനേറ്റർ,
നവകേരളം കർമപദ്ധതി

## സ്കൂളുകളിൽ ഭൗതിക സാഹചര്യങ്ങൾക്കൊപ്പം പഠനനിലവാരവും ഉയർന്നു : മന്ത്രി കെ. രാധാകൃഷ്ണൻ

സ്കൂളുകളിൽ ഭൗതിക സാഹചര്യങ്ങൾ മെച്ചപ്പെടുത്തിയപ്പോൾ പഠന നിലവാരവും ഉയർന്നെന്ന് മന്ത്രി കെ. രാധാകൃഷ്ണൻ. തൃശ്ശൂർ പാമ്പാടി ഗവ. ഹയർസെക്കൻഡറി സ്കൂളിൽ വിദ്യാഭ്യാസ വകുപ്പിന്റെ 2 കോടി രൂപ വിനിയോഗിച്ച് നിർമ്മിച്ച പ്ലസ്ടു ഹൈടെക് കെട്ടിട ഉദ്ഘാടനം നിർവഹിച്ച് സംസാരിക്കുകയായിരുന്നു മന്ത്രി. സാധാരണക്കാരുടെ മക്കൾക്ക് എല്ലാവിധ അത്യാധുനിക സൗകര്യങ്ങളും ഒരുക്കി മികച്ച വിദ്യാ




ഭ്യാസമാണ് സംസ്ഥാനത്തെ എല്ലാ സ്കൂളുകളിലും നൽകുന്നത്. അടിസ്ഥാന സൗകര്യങ്ങൾ ഒരുക്കുന്നതിനൊപ്പം പാമ്പാടി ഗവ. ഹയർസെക്കൻഡറി സ്കൂൾ പഠനനിലവാരവും ഉയർത്തുകയാണ്. കഴിഞ്ഞ അധ്യയന വർഷം 100 ശതമാനം വിജയം സ്കൂളിന് നേടാനായി. തിരുവില്വാമല ഗവ. എൽ.പി. സ്കൂൾ പുതിയ കെട്ടിടത്തിന്റെ നിർമ്മാണത്തിനായി 2.49 കോടി രൂപയുടെ എസ്റ്റിമേറ്റ് ഭരണാനുമതിക്കായി സമർപ്പിച്ചിട്ടുണ്ട്. ഭരണാനുമതിയാകുന്ന മുറയ്ക്ക് വേഗത്തിൽ സ്കൂൾ കെട്ടിടത്തിന്റെ പ്രവർത്തനങ്ങൾ ആരംഭിക്കും.

## നിറമരുതൂർ സ്കൂളിന് പുതിയ കെട്ടിടം -മന്ത്രി വി. അബ്ദുറഹിമാൻ നിർമാണോദ്ഘാടനം നിർവഹിച്ചു

മലപ്പുറം നിറമരുതൂർ ഗവ. ഹയർ സെക്കൻഡറി സ്കൂളിലെ പുതിയ കെട്ടിടത്തിന്റെ നിർമാണ പ്രവൃത്തികളുടെ ഉദ്ഘാടനം കായിക-ന്യൂനപക്ഷ ക്ഷേമ വകുപ്പ് മന്ത്രി വി. അബ്ദുറഹിമാൻ നിർവഹിച്ചു. പുതിയ കെട്ടിടം യാഥാർത്ഥ്യമാകുന്നതോടെ ക്ലാസ് മുറികളുടെ അപര്യാപ്തത പരിഹരിക്കാനാവുമെന്ന് മന്ത്രി പറഞ്ഞു. പുതിയ നിർമാണ പ്രവൃത്തികൾക്ക് സ്ഥല ലഭ്യത തടസ്സമാകുന്നുണ്ട്. എങ്കിലും ഒരേ സമയം പഠന പ്രവർത്തനങ്ങൾക്കും കായികപരമായ വളർച്ചയ്ക്കും വിഘാതമാകാത്ത തരത്തിലുള്ള പദ്ധതികളാണ് ആസൂത്രണം ചെയ്യുന്നത്. ഈ ആശയം മുൻ നിർത്തിയാണ് ഇൻഡോർ സ്റ്റേഡിയത്തിന്റെ നിർമാണത്തിന് കൂടി സ്കൂളിൽ തുടക്കം കുറിച്ചിട്ടുള്ളതെന്നും മന്ത്രി പറഞ്ഞു. 88 ലക്ഷം രൂപ ചെലവിലാണ് കെട്ടിടത്തിന്റെ നിർമാണം. 276.81 ചതുരശ്രമീറ്റർ വിസ്തീർണ്ണമുള്ള കെട്ടിടത്തിന് മൂന്ന് നിലകളുണ്ടാകും.



# സാന്ത്വന പരിചരണത്തിൽ മാതൃകയായി 'ഞാനുമുണ്ട് പരിചരണത്തിന്'
## സന്നദ്ധപ്രവർത്തനം പ്രോത്സാഹിപ്പിക്കുന്നതിനായി 'കൂടെ'

പാലിയേറ്റീവ് പരിചരണ വാരാചരണത്തിന്റെ ഭാഗമായി 'ഞാനുമുണ്ട് പരിചരണത്തിന് ' എന്ന പേരിൽ ആരോഗ്യ വകുപ്പ് പ്രത്യേക കാമ്പയിൻ സംഘടിപ്പിക്കുന്നതായി ആരോഗ്യ വകുപ്പ് മന്ത്രി വീണാ ജോർജ്. സമൂഹത്തിലെ എല്ലാവരും അവരുടെ ചുറ്റുമുള്ള കിടപ്പ് രോഗികൾക്ക് വേണ്ടി അവരാൽ കഴിയുന്ന വിധം സാന്ത്വന പരിചരണ സേവനങ്ങളിൽ ഏർപ്പെടാൻ പ്രോത്സാഹിപ്പിക്കുകയാണ് ഈ കാമ്പയിനിലൂടെ ലക്ഷ്യമിടുന്നത്. ഇന്ത്യയിൽ ആദ്യമായി പാലിയേറ്റീവ് കെയർ നയം പ്രഖ്യാപിച്ച സംസ്ഥാനമാണ് കേരളം. പാലിയേറ്റീവ് പരിചരണം ശാസ്ത്രീയമാക്കാനായി ഈ സർക്കാർ പ്രത്യേക കർമപദ്ധതി പ്രഖ്യാപിച്ചിട്ടുണ്ട്. അതനുസരിച്ചുള്ള വിവിധ



പരിപാടികൾ നടന്നു വരുന്നു. നവകേരളം കർമപദ്ധതി ആർദ്രം മിഷൻ രണ്ടാംഘട്ട പ്രവർത്തനങ്ങളിലെ 10 പ്രധാന പദ്ധതികളിലൊന്നാണ് സാന്ത്വന പരിചരണം. ആർദ്രം ജീവിതശൈലീ കാമ്പയിന്റെ ഭാഗമായി വയോജനങ്ങളുടേയും കിടപ്പ് രോഗികളുടേയും വിവരങ്ങൾ ശേഖരിക്കുകയും പരിചരണം ഉറപ്പാക്കുകയും ചെയ്യുന്നതായും മന്ത്രി പറഞ്ഞു. സന്നദ്ധ സേന ഡയറക്ടറേറ്റുമായി സഹകരിച്ച് സാന്ത്വന പരിചരണത്തിൽ സന്നദ്ധ പ്രവർത്തനം പ്രോത്സാഹിപ്പിക്കുന്നതിനായി 'കൂടെ' എന്ന പേരിൽ ഒരു കാമ്പയിനും സർക്കാർ ആരംഭിക്കുന്നു. സാന്ത്വന പരിചരണ പ്രവർത്തനങ്ങളെ പിന്തുണയ്ക്കാൻ തയ്യാറുള്ള ആർക്കും സന്നദ്ധ സേന ഡയറക്ടറേറ്റിൽ രജിസ്റ്റർ ചെയ്യാം. ഇങ്ങനെ രജിസ്റ്റർ ചെയ്യുവർക്ക് പാലിയേറ്റീവ് കെയർ പരിശീലനം നൽകും. പരിശീലനത്തിന് ശേഷം വോളണ്ടിയർമാർക്ക് അവരുടെ കഴിവും ലഭ്യമായ സമയവും അനുസരിച്ച് സാന്ത്വന പരിചരണ പ്രവർത്തനങ്ങളിൽ ഏർപ്പെടാൻ അവസരം നൽകുന്നതാണ്.

## 'ഞാനുമുണ്ട് പരിചരണത്തിന്': ഗൃഹ സന്ദർശനം നടത്തി മന്ത്രി

പാലിയേറ്റീവ് കെയർ വാരാചരണത്തോടനുബന്ധിച്ച് സംഘടിപ്പിച്ച 'ഞാനുമുണ്ട് പരിചരണത്തിന്' കാമ്പയിന്റെ ഭാഗമായി ആരോഗ്യ വകുപ്പ് മന്ത്രി വീണാ ജോർജ് തിരുവനന്തപുരം ജില്ലയിലെ പേരൂർക്കട ജില്ലാ ആശുപത്രിയിലെ



ഹോം കെയർ ടീമിനോടൊപ്പം ഗൃഹ സന്ദർശനം നടത്തി. പാലിയേറ്റീവ് പരിചരണം ലഭിച്ചുകൊണ്ടിരിക്കുന്ന വെള്ളയമ്പലം പാതിരപ്പള്ളി വാർഡിലെ കെ.എസ്. വേണുഗോപാലൻ നായർ (72), അംബികാദേവി (66) എന്നിവരെയാണ് മന്ത്രി വീട്ടിലെത്തി കണ്ടത്. വി.കെ. പ്രശാന്ത് എം.എൽ.എ., മേയർ ആര്യാ രാജേന്ദ്രൻ, ജില്ലാ മെഡിക്കൽ ഓഫീസർ ഡോ. ബിന്ദു മോഹൻ എന്നിവർ ഒപ്പമുണ്ടായിരുന്നു. ഇരുവർക്കും പാലീയേറ്റീവ് കെയർ പ്രൈമറി യൂണിറ്റും സെക്കന്ററി യൂണിറ്റും കൃത്യമായ ഇടവേളകളിൽ ഇവരുടെ വീട്ടിലെത്തി പരിചരണം ഉറപ്പാക്കുന്നു. കേരളത്തിൽ കിടപ്പിലായ എല്ലാ രോഗികൾക്കും പാലിയേറ്റീവ് പരിചരണം ഉറപ്പാക്കുക എന്നതാണ് സർക്കാർ ലക്ഷ്യമിടുന്നതെന്നും മന്ത്രി വ്യക്തമാക്കി.

# ഹരിത കർമസേനയ്ക്ക് ട്രോളി വിതരണം ചെയ്തു

ആലപ്പുഴ ചെറുതന ഗ്രാമപഞ്ചായത്തിലെ ഹരിത കർമസേനയ്ക്കുള്ള ട്രോളി പ്രസിഡന്റ് എബി മാത്യു വിതരണം ചെയ്തു. രണ്ടര ലക്ഷത്തോളം രൂപയാണ് പദ്ധതിക്കായി വിനിയോഗിച്ചത്. എം.സി.എഫുകളിലേക്ക് ശേഖരിച്ച മാലിന്യങ്ങൾ എത്തിക്കാൻ ഫെഡറൽ ബാങ്ക് മുഖേന ഇലക്ട്രിക് വാഹനവും പഞ്ചായത്തിൽ ലഭ്യമാക്കിയിട്ടുണ്ട്.



## മാലിന്യമുക്ത പ്രവർത്തനങ്ങൾ പ്ലാൻ ഫണ്ടിനുള്ള മാനദണ്ഡമാക്കുന്നത് ആലോചനയിൽ : മന്ത്രി എം.ബി. രാജേഷ്

തദ്ദേശ സ്ഥാപനങ്ങൾക്കുള്ള പ്ലാൻ ഫണ്ട് ലഭിക്കണമെങ്കിൽ മാലിന്യമുക്ത പദ്ധതികൾ പൂർത്തിയാക്കണം എന്ന മാനദണ്ഡം ഏർപ്പെടുത്തുന്നത് ആലോചനയിലാണെന്ന് തദ്ദേശ സ്വയംഭരണ വകുപ്പ് മന്ത്രി എം ബി രാജേഷ്. കണ്ണൂർ ജില്ലയിലെ ജനപ്രതിനിധികൾക്കായി സംഘടിപ്പിച്ച ഏകദിന സെമിനാർ




ഉദ്ഘാടനം ചെയ്യുകയായിരുന്നു അദ്ദേഹം. മാലിന്യമുക്ത നവകേരളം എന്ന ലക്ഷ്യത്തിലേക്കെത്താൻ ഇനിയും കടമ്പകൾ കടക്കാനുണ്ട്. മാറ്റങ്ങൾ ഓരോ വ്യക്തികളിൽ നിന്നും തുടങ്ങണം. ചില സ്ഥാപനങ്ങൾ സന്നദ്ധരായി മുന്നോട്ട് വരുമ്പോൾ ചിലരിപ്പോഴും പിറകിൽ തന്നെയാണ്. ഈ രീതി മാറണമെങ്കിൽ ഇത്തരം കർക്കശമായ നിലപാടുകൾ സ്വീകരിക്കേണ്ടി വരും. ചടങ്ങിൽ എം വി ഗോവിന്ദൻ എം.എൽ.എ. അധ്യക്ഷത വഹിച്ചു. ജില്ലാ പഞ്ചായത്ത് പ്രസിഡന്റ് പി.പി. ദിവ്യ മുഖ്യാഥിതിയായി.

## കാട്ടാംവള്ളിയിൽ ഇനി വിനോദ സഞ്ചാരികൾ എത്തും - മഞ്ഞപ്പുഴ രാമൻപുഴ സമഗ്ര വികസനത്തിന് മറ്റൊരു കാൽവെപ്പു കൂടി

കോഴിക്കോട് മഞ്ഞപ്പുഴ രാമൻപുഴ സമഗ്ര വികസനത്തിന്റെ ഭാഗമായി പനങ്ങാട്, ബാലുശ്ശേരി ഗ്രാമപഞ്ചായത്തുകളുടെ ഭാഗമായ കാട്ടാംവള്ളിയിലെ ടൂറിസം സാദ്ധ്യതകൾ ചർച്ച ചെയ്യുന്നതിനായി പഞ്ചായത്ത് അധികൃതരും ഇറിഗേഷൻ, ഹരിതകേരളം മിഷൻ തുടങ്ങിയവയിലെ ഉദ്യോഗസ്ഥരും സ്ഥലം സന്ദർശിച്ചു. പെഡൽ ബോട്ട് സർവീസ്, കയാക്കിങ്, നടപ്പാത, ഓപ്പൺ ജിം തുടങ്ങിയ സാദ്ധ്യതകൾ പരിശോധിച്ചു. ബണ്ട് കെട്ടി, എക്കൽ മാറ്റി തടാകം നിർമ്മിക്കുന്നതിനും, സ്പോട്ടിലേക്കുള്ള യാത്ര മാർഗങ്ങൾ, പാർക്കിങ് സൗകര്യങ്ങൾ അതിരുകൾ തുടങ്ങിയ വിവിധ മേഖലകളിലെ സാധ്യതകളും പരിശോധിച്ചു. വിശദമായ പദ്ധതിരേഖ തയ്യാറാക്കുന്നതിനുമായി രണ്ട് പഞ്ചായത്തുകളും അതിരുകൾ അളന്ന് പ്ലാൻ തയ്യാറാക്കും. ബാലുശ്ശേരി, പനങ്ങാട് പഞ്ചായത്ത് പ്രസിഡന്റുമാർ ഹരിതകേരളം മിഷൻ ജില്ല കോർഡിനേറ്റർ എന്നിവർ പരിശോധനയ്ക്ക് നേതൃത്വം നൽകി. മണ്ഡലം പദ്ധതി കോർഡിനേറ്റർ, ബാലുശ്ശേരി പഞ്ചായത്ത് വൈസ് പ്രസിഡന്റ്, ബ്ലോക്ക് മെമ്പർ, പനങ്ങാട് പഞ്ചായത്ത് അസിസ്റ്റന്റ് സെക്രട്ടറി, പനങ്ങാട് പഞ്ചായത്ത് വാർഡ് മെമ്പർ, പനങ്ങാട് പഞ്ചായത്ത് ആസൂത്രണ സമിതി ഉപാധ്യക്ഷൻ, പുഴ സമിതി കൺവീനർ, ഹരിതകേരളം മിഷൻ ആർ.പി.മാർ തുടങ്ങിയവർ പരിശോധനയിൽ പങ്കാളികളായി.


# ഇടുമ്പതോട് വി സി ബി ഉദ്ഘാടനം

സംസ്ഥാന ചെറുകിട ജലസേചന വകുപ്പിന്റെയും ഹരിതകേരളം മിഷന്റെയും ആഭിമുഖ്യത്തിൽ കണ്ണൂർ മാലൂർ പഞ്ചായത്തിലെ അറയങ്ങാട് പാലത്തിന് സമീപം നിർമ്മിച്ച ഇടുമ്പതോട് വി സി ബി, കെ.കെ. ശൈലജ എം.എൽ.എ. ഉദ്ഘാടനം ചെയ്തു. തൃക്കടാരിപൊയിൽ പ്രദേശത്തെ കാർഷിക ജലസേചന സൗകര്യം വർധിപ്പിക്കുന്നതിനും ഭൂഗർഭ ജല സംരക്ഷണത്തിനുമായാണ് പദ്ധതി നടപ്പാക്കിയത്. രണ്ടു മീറ്റർ വീതിയുള്ള ആറ് വെന്റുകളിൽ എഫ് ആർ പി ഷട്ടറുകൾ ഉപയോഗിച്ച് 2.3 മീറ്റർ ഉയരത്തിൽ ജലം സംഭരിച്ച് 82 ഹെക്ടർ പ്രദേശത്ത് ജലസേചന സൗകര്യമൊരുക്കാൻ കഴിയും. കൃഷിക്കാർക്ക് സ്വന്തം മോട്ടോറും പമ്പും



ഉപയോഗിച്ച് ഇവിടെ നിന്ന് വെള്ളം ശേഖരിക്കാം. വി സി ബിയോട് ചേർന്ന് വലതുകരയിൽ 33.2 മീറ്റർ നീളത്തിലും ഇടതുകരയിൽ 40 മീറ്റർ നീളത്തിലും പാർശ്വഭിത്തി കെട്ടി സംരക്ഷിച്ചിട്ടുണ്ട്. വെള്ളം സംഭരിച്ച് നിർത്തുന്നതിനാൽ ചുറ്റുമുള്ള സ്ഥലങ്ങളിൽ ഭൂഗർഭ ജലനിരപ്പ് ഉയരുകയും പ്രദേശത്തെ വരൾച്ച കുറക്കുന്നതിന് സഹായകമാകുകയും ചെയ്യും.

# വാഴക്കുളം ചെമ്പറക്കിയിൽ ടേക്ക് എ ബ്രേക്ക്




വഴിയാത്രക്കാർക്ക് ആശ്വാസമാവുകയാണ് എറണാകുളം ജില്ലയിലെ വാഴക്കുളം ബ്ലോക്ക് പഞ്ചായത്തിന് കീഴിലുള്ള ചെമ്പറക്കിയിലെ ടേക്ക് എ ബ്രേക്ക് സമുച്ചയം. യാത്രാ മദ്ധ്യേ വിശ്രമിക്കുന്നതിനും ലഘുഭക്ഷണം കഴിക്കുന്നതിനുമായി ദിവസേന നിരവധിപേരാണ് ഈ കേന്ദ്രത്തിലെ സേവനം പ്രയോജനപ്പെടുത്തുന്നത്. ഭിന്നശേഷി സൗഹൃദ ശുചിമുറി, ഫീഡിംഗ് റൂം, സാനിറ്ററി നാപ്കിൻ വെൻഡിങ് മെഷീൻ, കഫറ്റേരിയ, ഓപ്പൺ ഡൈനിങ് ഹാൾ, മൊബൈൽ ബാറ്ററി റീചാർജ് പോയിന്റ്, പാർക്കിങ് ഏരിയ തുടങ്ങിയ സൗകര്യങ്ങൾ ഇവിടെ ഒരുക്കിയിട്ടുണ്ട്. സംസ്ഥാന സർക്കാരിന്റെ നവകേരളം കർമ പദ്ധതിയുടെ ഭാഗമായാണ് ഹരിതകേരളം മിഷന്റെയും ശുചിത്വ മിഷന്റെയും നേതൃത്വത്തിൽ തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങൾക്ക് കീഴിൽ ടേക്ക് എ ബ്രേക്ക് പദ്ധതി ആവിഷ്കരിച്ചിട്ടുള്ളത്. കുടുംബശ്രീ പ്രവർത്തകർക്കാണ് നടത്തിപ്പ് ചുമതല.

# സങ്കേതം തോട് വീണ്ടെടുക്കലിന് പദ്ധതി

കോഴിക്കോട് ചാത്തമംഗലം ഗ്രാമപഞ്ചായത്തിലെ സങ്കേതം തോട് വീണ്ടെടുക്കലിന് സമഗ്ര പദ്ധതിയൊരുങ്ങുന്നു. ഹരിതകേരളം മിഷന്റെ ഏകോപനത്തിൽ വിവിധ വകുപ്പുകളുടെ സംയോജന സാധ്യത കൂടി കണ്ടെത്തിയാണ് പദ്ധതി ഒരുങ്ങുന്നത്.പദ്ധതി നടപ്പിലാക്കുന്നതിന്റെ ആദ്യ ഘട്ടമെന്ന നിലയിൽ പി ടി എ റഹീം എം.എൽ.എയുടെ നേതൃത്വത്തിൽ വിവിധ വകുപ്പ് ഉദ്യോഗസ്ഥർ സ്ഥലത്ത് സംയുക്ത സന്ദർശനം നടത്തി. നവകേരളം കർമപദ്ധതിയുടെ ഭാഗമായി നടത്തിയ സന്ദർശനത്തിന് ഗ്രാമപഞ്ചായത്ത് പ്രസിഡന്റ് ഓളിക്കൽ ഗഫൂർ നേതൃത്വം നൽകി. തോടിന്റെ വിവിധ ഭാഗങ്ങളിൽ സന്ദർശനം നടത്തിയ ടീം ഓരോ മേഖലയിലും നടപ്പാക്കാൻ സാധിക്കുന്ന കാര്യങ്ങൾ ചർച്ച ചെയ്തു. സങ്കേതം തോട് വീണ്ടെടുക്കൽ പ്രവർത്തനത്തിന് തുടക്കം കുറിച്ചതായി എം.എൽ.എ പ്രഖ്യാപിക്കുകയും മുഴുവൻ വിഭാഗം വകുപ്പുകളുടെയും ജനങ്ങളുടെയും പിന്തുണ അഭ്യർത്ഥിക്കുകയും ചെയ്തു.



മഴക്കാലത്ത് വെള്ളം കയറി കൃഷി ഇറക്കാൻ സാധിക്കാതെ വരികയും തോടിന് സമീപം കാട് വളർന്ന് തോടുകളിലൂടെ ഒഴുകിയെത്തുന്ന പ്ലാസ്റ്റിക് ഉൾപ്പെടെ അടിഞ്ഞു കൂടുന്ന അവസ്ഥയാണ് നിലവിലുള്ളത്. വിവിധ വകുപ്പുകളുടെ സംയോജനത്തോടെ മാത്രമേ സങ്കേതം തോട് പൂർണ്ണമായും വീണ്ടെടുക്കാൻ സാധിക്കുകയുള്ളൂ. തോട് പുഴ വരെ കെട്ടി സംരക്ഷിക്കുകയും പ്രാദേശിക ടൂറിസം സാധ്യതകളായ ഫാം ടൂറിസം ഉൾപ്പെടെ നടപ്പാക്കാൻ ആണ് ഉദ്ദേശിക്കുന്നത്. ഹരിതകേരളം മിഷന്റെ നേതൃത്വത്തിൽ സംസ്ഥാനമാകെ നടപ്പാക്കി വരുന്ന ജല ബജറ്റ് പ്രവർത്തനങ്ങളുടെ തുടർച്ചയായാണ് ചാത്തമംഗലം ഗ്രാമപഞ്ചായത്തിൽ സങ്കേതം തോട് വീണ്ടെടുക്കൽ പ്രവർത്തനം ഏറ്റെടുത്തു നടത്താൻ തീരുമാനിച്ചത്.

# പേപ്പർ ബാഗ് നിർമ്മാണത്തിൽ പരിശീലനം

എറണാകുളം ജില്ലാ ഹരിതകേരളം മിഷനും തൃക്കാക്കര മുനിസിപ്പാലിറ്റിയും സംയുക്തമായി ഹരിത കർമസേനാ അംഗങ്ങൾക്കായി സംഘടിപ്പിച്ച പേപ്പർ ബാഗ് നിർമ്മാണ പരിശീലനം മുനിസിപ്പാലിറ്റി ഹാളിൽ നടന്നു. എം ഇ ഗ്രൂപ്പുകൾക്കായി ഹരിതകേരളം മിഷന്റെ നേതൃത്വത്തിൽ സംഘടിപ്പിച്ച പരിശീലനത്തിൽ അരവിന്ദ് സുകുമാർ ക്ലാസുകൾ നൽകി. പേപ്പർ ബാഗ് നിർമ്മാണ സംരംഭം യഥാർത്ഥ്യമാക്കുകയാണ് ലക്ഷ്യം, 20 ഹരിത കർമ സേനാംഗങ്ങൾ ക്ലസ്റ്റർ പ്രകാരം ക്ലാസ്സിൽ പങ്കെടുത്തു.



# വടക്കാഞ്ചേരിയിൽ ഇനി ആഘോഷങ്ങൾ ഹരിതചട്ടം പാലിച്ച്

തൃശ്ശൂർ വടക്കാഞ്ചേരി നഗരസഭയുടെ മാലിന്യ സംസ്കരണ പദ്ധതിയുടെ ഭാഗമായി നഗരസഭ പരിധിയിൽ നടക്കുന്ന പൂരങ്ങൾ, പെരുന്നാളുകൾ വിവാഹങ്ങൾ, മറ്റ് ആഘോഷങ്ങൾ എന്നിവ പൂർണമായും ഹരിത ചട്ടം പാലിച്ച് നടത്തുന്നതിന് തീരുമാനമായി. വടക്കാഞ്ചേരിയിലെ പ്രധാന ആഘോഷങ്ങളായ ഉത്രാളിക്കാവ്



പൂരവും മറ്റുപൂരങ്ങളും പെരുന്നാളുകളും ഉൾപ്പെടെയുള്ള പൊതുപരിപാടികളിൽ കർശനമായ ഹരിതചട്ടം പാലിക്കുന്നതിനും നിരോധിത പ്ലാസ്റ്റിക് ഉൽപ്പന്നങ്ങൾ, ഒറ്റത്തവണ ഉപയോഗിക്കുന്ന വസ്തുക്കൾ തുടങ്ങിയവ പൂർണമായും ഒഴിവാക്കി മാലിന്യത്തിന്റെ അളവ് പരമാവധി കുറയ്ക്കുന്നതിനും പൂര കമ്മിറ്റികളും പള്ളി ഭാരവാഹികളും പൂർണ്ണ പിന്തുണ അറിയിച്ചു. ആഘോഷ പരിപാടികളുടെ ബാനറുകൾ അച്ചടിക്കുന്നതു മുതൽ കൊടിത്തോരണങ്ങൾ അഴിക്കുന്നത് വരെയുള്ള എല്ലാ ഘട്ടങ്ങളിലും ഹരിതനിയമങ്ങൾ പാലിക്കുന്നതിന് ഏവരുടെയും സഹകരണം ഉറപ്പാക്കും.ഇനി മുതൽ നഗരസഭയിൽ നടത്തപ്പെടുന്ന വിവാഹങ്ങളും മറ്റു ആഘോഷങ്ങളും നഗരസഭയെ മുൻകൂട്ടി അറിയിച്ച് അനുമതി വാങ്ങണം. ഹരിതചട്ടം പാലിക്കാത്തവർക്കെതിരെ പിഴ ഉൾപ്പെടെയുള്ള നിയമ നടപടികൾ സ്വീകരിക്കുന്നതാണെന്നും നഗരസഭ സെക്രട്ടറി അറിയിച്ചു.

# ഹരിത പ്രഭയിൽ കാഞ്ഞിരമറ്റം കൊടികുത്ത്



എറണാകുളം കാഞ്ഞിരമറ്റം പള്ളി കൊടികുത്ത് ചന്ദനക്കുടം പെരുന്നാൾ ഹരിതചട്ട പ്രകാരം പരമാവധി പ്ലാസ്റ്റിക് മാലിന്യങ്ങൾ ഒഴിവാക്കി നടത്തുന്നതിന് പഞ്ചായത്തിനും പള്ളി കമ്മിറ്റിക്കും നവകേരളം കർമ പദ്ധതി, ഹരിതകേരളം മിഷൻ, ശുചിത്വമിഷൻ, ആരോഗ്യവകുപ്പ്, ശ്രീനാരായണ ലോ കോളേജിലെ എൻ എസ് എസ് യൂണിറ്റിലെ വിദ്യാർത്ഥികൾ തുടങ്ങിയവർ രംഗത്തിറങ്ങി. എല്ലാ കടകളും സന്ദർശിച്ച് വ്യാപാരികളോട് ഒറ്റത്തവണ ഉപയോഗിക്കുന്ന നിരോധിത പ്ലാസ്റ്റിക് കവറുകൾ ഉപയോഗിക്കരുതെന്ന് അഭ്യർത്ഥിച്ചു.

പേപ്പർ പ്ലേറ്റുകളും പേപ്പർ ഗ്ലാസ്സുകളും പരമാവധി ഒഴിവാക്കണമെന്ന് അറിയിച്ചു. ഒരു വ്യാപാര സ്ഥാപനത്തിലെയും മാലിന്യങ്ങൾ ആ പരിസരത്ത് വലിച്ചെറിയരുതെന്നും അത് പ്രത്യേകം ചാക്കുകളിലും ബിന്നുകളിലും ശേഖരിച്ചു സൂക്ഷിക്കണമെന്നും ഹരിത കർമസേന എത്തുമ്പോൾ കൈമാറാനുള്ള സംവിധാനങ്ങൾ ഒരുക്കണമെന്നും പ്രത്യേകം സ്ഥാപിച്ചിട്ടുള്ള ബിന്നുകളിൽ മാത്രമേ മാലിന്യങ്ങൾ നിക്ഷേപിക്കാവൂ എന്നും ബോധവൽക്കരണം നടത്തി. മാലിന്യങ്ങൾ കൂട്ടിക്കലർത്തി നിക്ഷേപിക്കരുതെന്നും തരംതിരിച്ച് ബിന്നുകളിൽ നിക്ഷേപിക്കണമെന്നും അഭ്യർത്ഥിച്ചു. പള്ളി പരിസരത്തെ റോഡുകളിൽ വലിച്ചെറിഞ്ഞ പ്ലാസ്റ്റിക് കവറുകളും മാലിന്യങ്ങളും ഹരിത കർമസേനയും വിദ്യാർത്ഥികളും ചേർന്ന് ചാക്കുകളിൽ സംഭരിച്ചു. പള്ളി കമ്മിറ്റിയുടെ നേതൃത്വത്തിൽ സജ്ജമാക്കിയിട്ടുള്ള സ്റ്റീൽ ഗ്ലാസ് കൗണ്ടറുകളിൽ ഹരിത കർമ സേന അംഗങ്ങളുടെ സേവനം ലഭ്യമാക്കി.

## പുതിയവിള ഗവ. എൽ.പി. സ്കൂളിന് പുതിയ കെട്ടിടം ഒരുങ്ങുന്നു

വിദ്യാകിരണം പദ്ധതിയുടെ ഭാഗമായി ആലപ്പുഴ കണ്ടല്ലൂർ ഗ്രാമപഞ്ചായത്തിലെ പുതിയവിള ഗവ. എൽ.പി. സ്കൂളിൽ നിർമ്മിക്കുന്ന പുതിയ കെട്ടിടത്തിന്റെ നിർമ്മാണോദ്ഘാടനം യു. പ്രതിഭ എം.എൽ.എ. നിർവ്വഹിച്ചു. 1911-ൽ സ്ഥാപിതമായ വിദ്യാലയത്തിനാണ് പുതിയ കെട്ടിടം ഒരുങ്ങുന്നത്. 1.1 കോടി രൂപ വിനിയോഗിച്ചാണ് കെട്ടിടത്തിന്റെ നിർമ്മാണം.

# ആവേശത്തോടെ കടലോര ശുചീകരണം

അവധി ദിവസത്തിന്റെ ആലസ്യമില്ലാതെ ആയിരത്തിലധികം ആളുകൾ ഒത്തുചേർന്ന് കാസർഗോഡ് കണ്വതീർത്ഥമുതൽ വലിയപറമ്പ തീരം വരെ ജനകീയമായി ശുചീകരിച്ചു. അവശേഷിക്കുന്നവ തുടർന്നുള്ള ദിവസങ്ങളിൽ ശുചീകരിക്കും. മാലിന്യമുക്തം നവകേരളം ലക്ഷ്യമിട്ടുകൊണ്ട് തദ്ദേശ സ്വയംഭരണ വകുപ്പ്, ഹരിതകേരളം മിഷൻ, ശുചിത്വ മിഷൻ എന്നിവ മുഖേന സംഘടിപ്പിച്ച കടലോര ശുചീകരണത്തിൽ 3200 പേർ പങ്കെടുത്തു. വലിയ പറമ്പയിൽ മാത്രം 24 കിലോമീറ്റർ ദൂരത്ത് 1298 പേർ രംഗത്തിറങ്ങി. ജില്ലയിൽ ആകെ 52 സംഘങ്ങൾ കർമനിരതരായി രംഗത്തിറങ്ങി ഹരിത ടൂറിസം കേന്ദ്രങ്ങളായ കണ്വതീർത്ഥ കുമ്പള, ചെമ്പരിക്ക, കോടി, പള്ളിക്കര, കൈറ്റ്, 1 അഴിത്തല എന്നീ ബീച്ച് ശുചീകരണം നടത്തി. ചെമ്മനാട് ഗ്രാമ പഞ്ചായത്തിൽ ചെമ്പരിക്ക ബീച്ചിൽ ജില്ലാ കലക്ടർ കെ.ഇമ്പശേഖർ ഐ.എ.എസ്. ഉദ്ഘാടനം ചെയ്തു. കാഞ്ഞങ്ങാട് നിയോജക മണ്ഡലതല ഉദ്ഘാടനം ഹൊസ്ദുർഗ്ഗ് കൈറ്റ് ബീച്ചിൽ എം.എൽ.എ. ഇ. ചന്ദ്രശേഖരനും ഉദുമയിൽ എം.എൽ.എ. സി.എച്ച്. കുഞ്ഞമ്പുവും വലിയ പറമ്പിൽ തൃക്കരിപ്പൂർ എം.എൽ.എ.



എം. രാജഗോപാലനും അഴിത്തലയിൽ ജില്ലാ പഞ്ചായത്ത് പ്രസിഡണ്ട് ബേബി ബാലകൃഷ്ണനും പള്ളിക്കരയിൽ കാഞ്ഞങ്ങാട് ബ്ലോക്ക് പഞ്ചായത്ത് പ്രസിഡണ്ട് കെ. മണികണ്ഠനും മൊഗ്രാൽപുത്തൂരിൽ കാസറഗോഡ് ബ്ലോക്ക് പഞ്ചായത്ത് പ്രസിഡന്റ് സൈമ സി.എ. യും മഞ്ചേശ്വരത്ത് ഗ്രാമപഞ്ചായത്ത് പ്രസിഡണ്ട് ജീൻ ലെ വിനോ മൊൻറാരോ മംഗൽപ്പാടി ഗ്രാമ പഞ്ചായത്ത് പ്രസിഡന്റ് റൂബീന നൗഫൽ കുമ്പളയിൽ ഗ്രാമപഞ്ചായത്ത് പ്രസിഡന്റ് താഹിറയൂസഫ് കാഞ്ഞങ്ങാട് നഗരസഭയിൽ മരക്കാപ്പ് കടപ്പുറം ചെയർപേഴ്സൺ കെ.വി. സുജാത ടീച്ചറും അജാനൂരിൽ സബ് കലക്ടർ സൂഫിയാൻ അഹമ്മദ് ഐ.എ.എസും കാസറഗോഡ് നഗരസഭയിൽ അസി. കലക്ടർ ദിലീപ് കെ. കൈനിക്കര ഐ.എ.എസും ഉദ്ഘാടനം ചെയ്തു. ജനപ്രതിനിധികൾ തീരദേശ കോളേജുകളിലെയും ഹയർ സെക്കൻഡറി സ്കൂളുകളിലെയും എൻ.സി.സി., എൻ.എസ്.എസ്. വളണ്ടിയർമാർ എസ്.പി.സി. അംഗങ്ങൾ ഹരിത കർമസേന അംഗങ്ങൾ യൂത്ത് ടീമംഗങ്ങൾസംഘാടക സമിതിയിലെ പ്രാദേശിക ജനങ്ങൾ ഉദ്യോഗസ്ഥർ തുടങ്ങിയവർ ശുചീകരണത്തിന് നേതൃത്വം നൽകി. തദ്ദേശ സ്വയംഭരണ ജോയിന്റ് ഡയറക്ടർ ജയ്സൺ മാത്യു, നവകേരളം കർമപദ്ധതി ജില്ലാ കോർഡിനേറ്റർ കെ. ബാലകൃഷ്ണൻ ശുചിത്വമിഷൻ ജില്ലാ കോർഡിനേറ്റർ എ. ലക്ഷ്മി, കോകോർഡിനേറ്റർ എച്ച്. കൃഷ്ണ, ഡി.ടി.പി.സി. സെക്രട്ടറി ലിജോ ജോസഫ് തുടങ്ങിയവർ പങ്കെടുത്തു.

# ഹരിതസമൃദ്ധി പഞ്ചായത്തായി കണ്ണപുരം

സംസ്ഥാന സർക്കാർ പുറപ്പെടുവിച്ച പതിനാലാം പഞ്ചവത്സര പദ്ധതി മാർഗ്ഗരേഖയിലെ നിർദ്ദേശങ്ങൾക്കനുസൃതമായി ഹരിത സമൃദ്ധി വാർഡുകൾ എന്ന പദ്ധതി കണ്ണൂർ ജില്ലയിലെ കണ്ണപുരം ഗ്രാമപഞ്ചായത്തിന്റെയും ഹരിതകേരളം മിഷന്റെയും കൃഷി വകുപ്പിന്റെയും സഹകരണത്തോടെ നടപ്പിലാക്കി. നെറ്റ് സീറോ കാർബൺ കേരളം ജനങ്ങളിലൂടെ എന്ന പദ്ധതിക്കും പഞ്ചായത്തിൽ തുടക്കം കുറിച്ചു. വികസന സ്റ്റാൻഡിംഗ് കമ്മറ്റി ചെയർപേഴ്സൻ വിനിത സ്വാഗതം പറഞ്ഞ യോഗത്തിൽ കണ്ണപുരം ഗ്രാമപഞ്ചായത്ത് പ്രസിഡന്റ് രതി കെ. അദ്ധ്യക്ഷത വഹിച്ചു. അനിൽ ബി.കെ. (പ്രിൻസിപ്പൽ കൃഷി ഓഫീസർ കാർഷിക വികസന ക്ഷേമവകുപ്പ്) പഞ്ചായത്ത് തല ഹരിതസമൃദ്ധി വാർഡിന്റെ പ്രഖ്യാപനം നടത്തി പച്ചക്കറി തൈകൾ കുടുംബശ്രീ സി.ഡി.എസ്. ചെയർപേഴ്സൺ സുനിലയ്ക്ക് കൈമാറി. ഹരിതകേരളം മിഷൻ ജില്ലാ കോഡിനേറ്റർ ഇ.കെ. സോമശേഖരൻ മുഖ്യാതിഥിയായി. ജനപ്രതിനിധികൾ, പാടശേഖര സമിതി അംഗങ്ങൾ, വിവിധ സ്ഥാപന




മേധാവികൾ, ഗ്രന്ഥശാല പ്രതിനിധികൾ, കുടുംബശ്രീ പ്രതിനിധികൾ, വ്യാപാരി സംഘടനയുടെ പ്രതിനിധികൾ, ഹരിതകേരളം ആർ.പി.മാർ, ഉദ്യോഗസ്ഥർ എന്നിവർ പ്രഖ്യാപന ചടങ്ങിൽ പങ്കെടുത്തു. രണ്ട് ഘട്ടങ്ങളിലായാണ് ഹരിത സമൃദ്ധി വാർഡുകൾ എന്ന ലക്ഷ്യവുമായി കണ്ണപുരം ഗ്രാമപഞ്ചായത്തിൽ തൈകൾ വിതരണം ചെയ്തത്.

# വയനാട് ജില്ലയിൽ മാപിംഗ് പൂർത്തിയായി: 1271 നീർച്ചാലുകൾ അടയാളപ്പെടുത്തി

ജലസംരക്ഷണ പ്രവർത്തനങ്ങൾ മുൻനിർത്തി നവകേരളം കർമ പദ്ധതിയിൽ ഹരിതകേരളം മിഷന്റെ നേതൃത്വത്തിൽ വയനാട് ജില്ലയിൽ നടത്തിയ മാപിംഗ് പൂർത്തിയായി. 1271 നീർച്ചാലുകളാണ് മാപത്തോണിൽ കണ്ടെത്തി അടയാളപ്പെടുത്തിയത്. കബനിക്കായ് വയനാട്, സുരക്ഷിതമാക്കാം പശ്ചിമഘട്ടം കാമ്പയിനുകളിലൂടെയാണ് നീർച്ചാലുകൾ കണ്ടെത്തി അടയാളപ്പെടുത്തിയത്. പരിശീലനം ലഭിച്ച നവകേരളം കർമപദ്ധതി റിസോഴ്സ് പേഴ്സൺമാരുടെയും ഇന്റേൺസിന്റേയും നേതൃത്വത്തിലാണ് 26 തദ്ദേശ സ്ഥാപനങ്ങളിലെയും മാപിംഗ് പൂർത്തീകരിച്ചത്. ആദ്യഘട്ടത്തിൽ വൈത്തിരി, പൊഴുതന, കോട്ടത്തറ, വെങ്ങപ്പള്ളി, തരിയോട്, പടിഞ്ഞാറത്തറ, എടവക, തിരുനെല്ലി, തൊണ്ടർനാട്, വെള്ളമുണ്ട, മാനന്തവാടി നഗരസഭ, പുൽപ്പള്ളി, മുള്ളൻകൊല്ലി, പനമരം, തവിഞ്ഞാൽ എന്നീ 15 തദ്ദേശ സ്ഥാപനങ്ങളിൽ മാപത്തോൺ പൂർത്തീകരിച്ചിരുന്നു. തുടർന്ന് സംസ്ഥാനതലത്തിൽ പശ്ചിമഘട്ട പ്രദേശങ്ങളിലെ നീർച്ചാലുകളുടെ വീണ്ടെടുപ്പുമായി ബന്ധപ്പെട്ട് പശ്ചിമഘട്ട പ്രദേശങ്ങളുമായി ബന്ധപ്പെട്ട 9 ജില്ലകളിൽ നടത്തുന്ന സുരക്ഷിതമാക്കാം പശ്ചിമഘട്ടം എന്ന കാമ്പയിനിൽ ജില്ലയിലെ 26 തദ്ദേശ സ്ഥാപനങ്ങളും ഉൾപ്പെട്ടിരുന്നു. സുരക്ഷിതമാക്കാം പശ്ചിമഘട്ടം, കബനിക്കായ് വയനാട് എന്നീ രണ്ട് കാമ്പയിനുകളും ഒരുമിച്ച് തദ്ദേശ സ്ഥാപനങ്ങളിലേക്ക് മാപത്തോൺ വ്യാപിപ്പിച്ചു. മാപത്തോണിന്റെ രണ്ടാംഘട്ടത്തിൽ ഓരോ തദ്ദേശ സ്ഥാപനത്തിലും നവകേരളം കർമപദ്ധതി റിസോഴ്സ് പേഴ്സൺമാരുടെ നേതൃത്വത്തിൽ മാപത്തോൺ അവതരണം നടത്തും. വൈത്തിരി, പൊഴുതന ഗ്രാമപഞ്ചായത്തുകളിൽ അവതരണം പൂർത്തിയായി.

## മാപത്തോണിൽ വിദ്യാർത്ഥികളും

കബനിക്കായ് വയനാട് കാമ്പയിനിന്റെ ഭാഗമായുള്ള മാപത്തോണിൽ പങ്കാളികളായി വിദ്യാർത്ഥികളും. മാനന്തവാടി ഗവ. എഞ്ചിനീയറിംഗ് കോളേജ്, മീനങ്ങാടി ഗവ. പോളിടെക്നിക് കോളേജ്, ബത്തേരി കോ-ഓപ്പറേറ്റീവ് കോളേജ് എന്നിവിടങ്ങളിലെ 65 വിദ്യാർത്ഥികളാണ് മാപത്തോൺ പ്രവർത്തനങ്ങളിൽ പങ്കുചേർന്നത്. മാപത്തോൺ പ്രവർത്തനങ്ങൾ പരിചയപ്പെടുത്തുന്നതിനായി ഹരിതകേരളം മിഷന്റെ നേതൃത്വത്തിൽ വിദ്യാർത്ഥികൾക്കായി വിശദീകരണ സെഷനുകൾ സംഘടിപ്പിച്ചിരുന്നു. നവകേരളം കർമപദ്ധതി ആർ.പി.മാർ മാപത്തോൺ ട്രെയിസിങ്, ആം ചെയർ മാപിംഗ് എന്നിവയിൽ പ്രത്യേക ഫീൽഡ്തല പരിശീലനവും നൽകിയിരുന്നു. അതിന് ശേഷമാണ് വിദ്യാർത്ഥികൾ ഫീൽഡിൽ ഇറങ്ങിയത്.





## പോത്തൻകോട് ഗ്രാമപഞ്ചായത്ത് ഡിജിറ്റൽ മാപിംഗ്

നവകേരളം കർമപദ്ധതിയുടെ ഭാഗമായി ഹരിതകേരളം മിഷൻ, ഡിജിറ്റൽ യൂണിവേഴ്സിറ്റി MGNREGS പദ്ധതി എന്നിവയുടെ സഹായത്തോടെ തിരുവനന്തപുരം പോത്തൻകോട് ഗ്രാമപഞ്ചായത്ത് ഡിജിറ്റൽ മാപിംഗ് പൂർത്തീകരിച്ചു. GIS സാങ്കേതികവിദ്യ ഉപയോഗിച്ച് നീർച്ചാലുകൾ അടയാളപ്പെടുത്തി. പഞ്ചായത്തിലെ വിവിധ വാർഡുകളിലെ എല്ലാ നീർച്ചാലുകളുടെയും സംരക്ഷണം ഉറപ്പ് വരുത്താനും പുനരുദ്ധാരണം നടത്താനും ഇതുവഴി സാധിക്കും.

Chief Editor : Dr. T.N.Seema, State Coordinator, Navakeralam Karmapadhathi 2
Editorial Team : T.P. Sudhakaran, Asst. Cordinator | B. Manoj, Public Relations Officer | Anu Liya Jose, Young Professional | Archana Shaji, Young Professional
Design & Layout : Fousia P A, Graphic Designer; Content Contribution : District Mission Teams, Navakeralam Karmapadhathi 2
Published by Navakeralam Karmapadhathi 2, Statue, Trivandrum 01
Website : https://nkp.kerala.gov.in